**<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലോപ്മെന്റ്</u>**

**<u>ചാക്ക, തിരുവനന്തപുരം-24</u>**

നമ്പർ ഇഎ2/511/223/ എച് ആർ ഡി

തീയതി: 01-12-2025

വിജ്ഞാപനം

വിഷയം:- ഐ എച് ആർ ഡി- വിവരാവകാശനിയമപ്രകാരം ഫീസ് അടയ്ക്കുന്നതിന്റെ നിർദേശം- സംബന്ധിച്ച്

സൂചന: 1. Kerala Right to Information (Regulation of Fee & Cost Rules) 2006 09.05.2006 ലെ 11259/Cdn.5/GAD നമ്പർ സർക്കാർ വിജ്ഞാപനം (S.R.O. No. 385/2006)

2. ഇതേ കാര്യാലയത്തിലെ 24.06.2016 തീയതിയിലെ ആർ.ടി.ഐ/10870/2016 എച്ച്.ആർ.ഡി നമ്പർ വിജ്ഞാപനം

സൂചന (1) ലെ സർക്കാർ വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് സമർപ്പിക്കപ്പെടുന്ന വിവരാവകാശ അപേക്ഷകളിൽ അപേക്ഷഫീസ് ഒടുക്കുന്നതിനുള്ള മാർഗ്ഗങ്ങളായി ഉത്തരവായിട്ടുള്ളത് കോർട്ട് ഫീസ് സ്റ്റാമ്പ്, ഡിമാന്റ് ഡ്രാഫ്റ്റ്, ബാങ്കേഴ്സ് ചെക്ക്, പേ ഓർഡർ എന്നിവ മാത്രമാണ്. മേൽ വിജ്ഞാപനപ്രകാരം പോസ്റ്റൽ ഓർഡർ, മണി ഓർഡർ എന്നിവ അപേക്ഷാഫീസ് ഒടുക്കുന്നതിനുള്ള രീതിയായി അംഗീകരിച്ചിട്ടില്ല. എന്നാൽ, സൂചന (2) ലെ വിജ്ഞാപനം പ്രകാരം ഐ.എച്ച്.ആർ.ഡി യിൽ വിവരാവകാശ അപേക്ഷഫീസിനത്തിൽ പോസ്റ്റൽ ഓർഡറും മണി ഓർഡറും സ്വീകരിക്കുന്നതാണെന്ന് ഉത്തരവായിട്ടുള്ളതായി കാണുന്നു. ആയത്, സൂചന (1) ലെ സർക്കാർ വിജ്ഞാപനത്തിന് വിരുദ്ധമാകയാൽ സൂചന (1) ലെ വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

2005 ലെ വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ തേടി ഐ.എച്ച്.ആർ.ഡി ആസ്ഥാന കാര്യാലയത്തിലോ അനുബന്ധസ്ഥാപനങ്ങളിലോ ലഭിക്കുന്ന അപേക്ഷകളിൽ അപേക്ഷഫീസ് ഒടുക്കുന്നതിനായി പോസ്റ്റൽ ഓർഡർ, മണി ഓർഡർ എന്നിവ സ്വീകാര്യമല്ല എന്നു വ്യക്തത വരുത്തി ഉത്തരവാകുന്നു.

ഡയറക്ടർ